''ഭരണഭാഷ – മാതൃഭാഷ''

<u>വളരെ അടിയന്തിരം</u>

# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

നമ്പർ: ജി1/26825/2013

തൈക്കാട്, തിരുവനന്തപുരം–14
തീയതി: 13.02.2014

## ചുറ്ററിയിപ്പ്

വിഷയം:– വ്യാവസായിക പരിശീലന വകുപ്പ്– അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ഫെബ്രുവരി 2014– (സെമസ്റ്റർ സ്കീം) – OMR ഷീറ്റിൽ 14 അക്ക റോൾനമ്പർ ചേർക്കുന്നത്– നിർദേശം നൽകുന്നത് – സംബന്ധിച്ച്.

സൂചന:– ഡി.ജി.ഇ.റ്റി – 18011/1/2013.TTC നമ്പരായുള്ള 30.01.14 ലെ കത്ത്.

*************

ആദ്യ സെമസ്റ്ററിലേക്ക് നടക്കുന്ന അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ഫെബ്രുവരി 2014 ന്റെ എഴുത്ത് പരീക്ഷകൾ OMR മാതൃകയിലാണ് നടക്കുന്നത്. ഡി.ജി.ഇ.റ്റിയിൽ നിന്ന് ആദ്യം ലഭ്യമാക്കിയ OMR ഷീറ്റിന്റെ മാതൃകയിൽ 7 അക്ക റോൾ നമ്പറുകൾ എഴുതുന്നതിനുള്ള കോളങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ആയത് പ്രകാരമാണ് ഹാൾടിക്കറ്റുകളിൽ 7 അക്ക റോൾ നമ്പറുകൾ പ്രിന്റ് ചെയ്ത് നൽകിയത്. എന്നാൽ സൂചന പ്രകാരം ലഭ്യമാക്കിയ OMR ഷീറ്റിന്റെ മാതൃകയിൽ 14 കോളങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ആയത് പ്രകാരം 14 അക്ക റോൾ നമ്പറുകളാണ് OMR ഷീറ്റിൽ രേഖപ്പെടുത്തേണ്ടത്. ഹാൾടിക്കറ്റുകൾ പ്രിന്റ് ചെയ്ത് ട്രെയിനികൾക്ക് വിതരണം നടത്തിയിട്ടുള്ളതിനാൽ ഹാൾടിക്കറ്റിൽ പ്രിന്റ് ചെയ്തിട്ടുള്ള 7 അക്ക റോൾ നമ്പറിന് മുൻപ് 7 അക്ക പൂജ്യം ചേർത്ത് ആകെ 14 അക്ക റോൾ നമ്പർ ആക്കി OMR ഷീറ്റിൽ എഴുതുവാൻ ട്രെയിനികൾക്ക് വിശദമായ രീതിയിൽ നിർദേശം നൽകേണ്ടതാണ്.

ഉദാഹരണത്തിന് ഹാൾടിക്കറ്റിൽ '0150533' എന്ന റോൾ നമ്പരാണ് നൽകിയിരുന്നതെങ്കിൽ OMR ഷീറ്റിൽ ടി റോൾനമ്പറിന് മുമ്പാകെ 7 അക്ക പൂജ്യം ചേർത്ത് '00000000150533' എന്ന 14 അക്ക റോൾ നമ്പർ രേഖപ്പെടുത്തേണ്ടതാണ്.

ടി വിവരം പരീക്ഷാസെന്ററുകളിൽ ട്രെയിനികളുടെ അറിവിലേക്കായി പ്രദർശിപ്പിക്കാൻ നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ നടപടി സ്വീകരിക്കേണ്ടതാണ്.

ട്രെയിനിംഗ് ഡയറക്ടർക്കുവേണ്ടി

എല്ലാ ഗവ/പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും
പകർപ്പ്

വകുപ്പ് വെബ്സൈറ്റിലേയ്ക്ക്.

ജി:14.02.14.